ദേശീയപാത അതോറിറ്റിയാണ് നടപ്പിലാക്കുന്നത്. പ്രസ്തുത പ്രവൃത്തിയുടെ കൺസൂക്ഷൻ എഗ്രിമെന്റിൽ നാലകംപള്ളി പാലം മുതൽ കൂട്ടുപാത ജീവാസ് തീയേറ്റർ വരെയുള്ള ഭാഗത്ത് സർവ്വീസ് റോഡ് നിർമ്മാണം ഉൾപ്പെടുന്നില്ല. സ്ഥലവാസിയും പാലക്കാട് ലോകസഭാംഗവും ഈ ആവശ്യമുന്നയിച്ച് നൽകിയ നിവേദനങ്ങളുടെ അടിസ്ഥാനത്തിൽ 3.5 കി.മീ നീളത്തിൽ ഏകദേശം 25.6 കോടി രൂപ ചെലവിൽ ഇരുവശങ്ങളിലും സർവ്വീസ് റോഡ് നിർമ്മിക്കുന്നതിന് കൺസൂക്ഷൻ എഗ്രിമെന്റിൽ ആവശ്യമായ മാറ്റം വരുത്തുന്നതിനുള്ള ശിപാർശ ദേശീയപാത അതോറിറ്റിക്ക് സമർപ്പിച്ചിരുന്നു. പിന്നീട് പാലക്കാട് ലോകസഭാ മെമ്പറുടേയും പൂതുശ്ശേരി കോ-ഓർഡിനേഷൻ കമ്മിറ്റിയുടേയും കത്ത് പ്രകാരം നാലകംപള്ളി പാലം മുതൽ പൂതുശ്ശേരി വെസ്റ്റ് വില്ലേജ് ഓഫീസ് വരെയുള്ള ഭാഗത്തിന്റെ വലത് വശത്ത് 2.1 കിലോമീറ്റർ സർവ്വീസ് റോഡ് നിർമ്മിക്കുന്നതിനും ഇടതുവശത്തുള്ള പഴയ ദേശീയപാത ശക്തിപ്പെടുത്തി സർവ്വീസ് റോഡ് ആരംഭിക്കുന്നതിനും അഭ്യർത്ഥിക്കുകയുണ്ടായി. അതുപ്രകാരം സർവ്വീസ് റോഡ് നിർമ്മിക്കുന്നതിന് ഏകദേശം 15 കോടിരൂപ ചെലവുവേണ്ടി വരും. ഈ പ്രവൃത്തി കൺസൂക്ഷൻ എഗ്രിമെന്റിൽ ഉൾപ്പെടുത്തുന്നതിനുള്ള പുതുക്കിയ ശിപാർശ പ്രോജക്ട് ഡയറക്ടർ ദേശീയപാത അതോറിറ്റിക്ക് സമർപ്പിച്ചിട്ടുണ്ട്. ഇതിന് അംഗീകാരം ലഭിക്കുന്നതിനുവേണ്ടിയുള്ള സമ്മർദ്ദം കേരള ഗവൺമെന്റ് നാഷണൽ ഹൈവേ അതോറിറ്റിയിൽ ചെലുത്തുന്നതാണ്. അതോടൊപ്പം ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് പറഞ്ഞ കാര്യങ്ങൾ ചെയ്യുന്നതാണ്.

(5) കേന്ദ്ര പാക്കേജിന്റെ ആനുകൂല്യം ലഭ്യമാക്കൽ

ശ്രീ. കെ. കെ. നാരായണൻ : സർ, കേന്ദ്ര ഗവൺമെന്റ് 2011-ലെ ബഡ്ജറ്റിൽ 3,358 കോടി രൂപയുടെ പാക്കേജാണ് കൈത്തറി പുനരുദ്ധാരണ പദ്ധതിക്കുവേണ്ടി അന്ന് പ്രഖ്യാപിച്ചത്. ഇതിന്റെ ആനുകൂല്യങ്ങൾ കേരളത്തിൽ 124 സംഘങ്ങൾക്ക് മാത്രമാണ് ലഭിച്ചത്. പ്രത്യേകിച്ച് കണ്ണൂർ, കോഴിക്കോട്, തിരുവനന്തപുരം ജില്ലകളിലുള്ള ഒരു സംഘത്തിനും ആനുകൂല്യം ലഭിച്ചിട്ടില്ല. ഇവർക്ക് കൊടുക്കാനുള്ള സംവിധാനം വേഗം ഉണ്ടാക്കുമെന്ന് വ്യവസായ വകുപ്പുമന്ത്രി നേരത്തേ പ്രഖ്യാപിച്ചതാണ്. എന്നാൽ ഇതുവരെ ഒന്നും നടന്നില്ല. എന്നാൽ മേൽപ്പറഞ്ഞ പാക്കേജ് പ്രകാരം പലിശയും കടവും എഴുതിത്തള്ളുമെന്നുള്ള പ്രതീക്ഷവച്ച് സംഘങ്ങൾ കാത്തുനിൽക്കുകയാണ്. തകർച്ചയിൽനിന്ന് തകർച്ചയിലേയ്ക്ക് പോയികൊണ്ടിരിക്കുന്ന കൈത്തറി സംഘങ്ങളെ കേന്ദ്ര സർക്കാർ പ്രഖ്യാപിച്ച ആനുകൂല്യങ്ങൾ നേടിക്കൊടുത്ത് കടക്കെണിയിൽനിന്ന് രക്ഷപ്പെടുത്താനുള്ള സംവിധാനമുണ്ടാക്കുമോയെന്നാണ് എനിക്ക് ബഹുമാനപ്പെട്ട വ്യവസായ വകുപ്പുമന്ത്രിയോട് ചോദിക്കാനുള്ളത്.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രിക്കുവേണ്ടി വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി (ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി): സർ, ഇത് രണ്ട് ഘട്ടമായാണ് കൊടുക്കുന്നത്. 122 പ്രാഥമിക സഹകരണ സംഘങ്ങൾക്ക് കേന്ദ്രവിഹിതമായി 23.3 കോടി രൂപയും സംസ്ഥാന വിഹിതമായി 5.98 കോടി രൂപയും വിതരണം ചെയ്തുകഴിഞ്ഞു. രണ്ടാം ഗഡുവായി 83 കോടി രൂപ 24-9-2014-ൽ കേന്ദ്രത്തിൽനിന്നു ലഭിച്ചു. 11-12-2014-ൽ 82 കോടി രൂപ വിതരണം ചെയ്യുന്നതിന് കൈത്തറി ഡയറക്ടർക്ക് അനുമതി നൽകിയിട്ടുണ്ട്. ഇതിൽ നിന്ന് തിരുവനന്തപുരം, കണ്ണൂർ, കോഴിക്കോട് ജില്ലകളിലെ പാക്കേജിൽ ഉൾപ്പെട്ട മുഴുവൻ സംഘങ്ങൾക്കും പാക്കേജനുസരിച്ചുള്ള തുക വിതരണം ചെയ്യുന്നതാണ്.

(6) പ്രത്യേക പാക്കേജ്

ശ്രീ. ജോസഫ് വാഴക്കൻ: സർ, അവയവങ്ങൾക്ക് ഗുരുതരമായ രോഗം ബാധിച്ച് അവയവമാറ്റ ശസ്ത്രക്രിയയ്ക്ക് വിധേയരാകുന്ന രോഗികൾക്കും ഡോണർമാർക്കും ശസ്ത്രക്രിയയ്ക്കും തുടർചികിത്സയ്ക്കുമായി വളരെയധികം തുക ചെലവാകുന്ന സാഹചര്യത്തിൽ ഇവർക്കായി കാരുണ്യ ബെനവലന്റ് പദ്ധതിയിൽനിന്ന് പ്രത്യേക പാക്കേജായി തുക അനുവദിക്കണമെന്നാണ് ഈ സബ്മിഷൻ മുഖേന ഞാൻ അഭ്യർത്ഥിക്കുന്നത്. കരൾമാറ്റിവയ്ക്കൽ ശസ്ത്രക്രിയയ്ക്ക് വിധേയരാകുന്നവർക്ക് ശസ്ത്രക്രിയയ്ക്കും തുടർ ചികിത്സയ്ക്കുമായി ഏകദേശം അമ്പത് ലക്ഷം രൂപയോളം ചെലവാകുന്നുണ്ട്. ഇവർക്ക് ഏറ്റവും കുറഞ്ഞത് 10 ലക്ഷം രൂപയെങ്കിലും കാരുണ്യ പദ്ധതിവഴിയും ഗവൺമെന്റിൽനിന്നും അനുവദിക്കേണ്ടതായിട്ടുണ്ട്. ഇവരുടെ ഡോണർമാർക്കും സൗജന്യ നിരക്കിൽ മരുന്ന് ലഭ്യമാക്കണമെന്നും ഇവരുടെ ശസ്ത്രക്രിയയ്ക്കും തുടർ ചികിത്സയ്ക്കുംവേണ്ടി മെഡിക്കൽ കോളേജുകളിലെ ഡോക്ടർമാരുടെ പ്രത്യേകമായ പാനൽ രൂപീകരിച്ച് ഇവരുടെ വൈദഗ്ധ്യം പ്രയോജനപ്പെടുത്തണമെന്നും ഞാൻ അഭ്യർത്ഥിക്കുകയാണ്. വൃക്കമാറ്റിവയ്ക്കൽ ശസ്ത്രക്രിയയ്ക്ക് വിധേയരാകുന്നവർക്ക് ശസ്ത്രക്രിയയ്ക്കും തുടർചികിത്സയ്ക്കുമായി ഏകദേശം 20 ലക്ഷത്തോളം രൂപ ചെലവാകുന്നുണ്ട്. ഇവർക്കും ഏറ്റവും കുറഞ്ഞത് 10 ലക്ഷം രൂപയെങ്കിലും അനുവദിക്കാനുള്ള തീരുമാനം ഉണ്ടാകണം. കരൾമാറ്റ ശസ്ത്രക്രിയരംഗത്ത് കേരളത്തിന്റെ ഇപ്പോഴത്തെ സ്ഥിതി സാധാരണക്കാരനെ സംബന്ധിച്ചിടത്തോളം ആശാവഹമല്ല. ഏറ്റവും പ്രധാനം ചികിത്സാ സൗകര്യങ്ങളുടെ അപര്യാപ്തതയാണ്. അമൃത, ലേക്ക്ഷോർ, മെഡിക്കൽ ട്രസ്റ്റ്, നിംസ്, കിംസ് തുടങ്ങിയ വലിയ പണച്ചെലവുള്ള സ്വകാര്യ ആശുപത്രികളിൽ മാത്രമാണ് നിലവിൽ ശസ്ത്രക്രിയ സംവിധാനമുള്ളത്. പ്രത്യേക ഉത്തരവ് വഴി മാത്രമേ ഇത്തരം ആശുപത്രികളിൽ